# Official Spokesperson's response to a media query on reports that China has renamed some places in Arunachal Pradesh in its own language

December 30, 2021

---

## അരുണാചൽ പ്രദേശിലെ ചില സ്ഥലങ്ങളുടെ പേര് ചൈന സ്വന്തം ഭാഷയിൽ പുനർനാമകരണം ചെയ്തെന്ന വാർത്തയെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യത്തിന് ഔദ്യോഗിക വക്താവിന്റെ പ്രതികരണം.

ഡിസംബർ 30, 2021

**അരുണാചൽ പ്രദേശിലെ ചില സ്ഥലങ്ങളുടെ പേര് ചൈന സ്വന്തം ഭാഷയിൽ പുനർനാമകരണം ചെയ്തെന്ന വാർത്തയെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യത്തിന് മറുപടിയായി ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചി ഇപ്രകാരം പ്രതികരിച്ചു.**

"ഇത്തരം റിപ്പോർട്ടുകൾ ഞങ്ങൾ കണ്ടിരുന്നു. ഇതാദ്യമായല്ല അരുണാചൽ പ്രദേശിലെ സ്ഥലങ്ങളുടെ പേരുമാറ്റാൻ ചൈന ശ്രമിക്കുന്നത്. 2017 ഏപ്രിലിലും ചൈന അത്തരം പേരുകൾ നൽകാൻ ശ്രമിച്ചിരുന്നു.

അരുണാചൽ പ്രദേശ് എന്നും ഇന്ത്യയുടെ അവിഭാജ്യ ഘടകമാണ്. കണ്ടുപിടിച്ച പേരുകൾ അരുണാചൽ പ്രദേശിലെ സ്ഥലങ്ങൾക്ക് നൽകുമ്പോൾ ഈ വസ്തുതയ്ക്ക് മാറ്റം വരുന്നില്ല.

**ന്യൂ ഡെൽഹി**

**ഡിസംബർ 30, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.